2025

# M E S BYTES

MES HIGHER SECONDRY SCHOOL IRIMBILIYAM PIN 679572

Little KITEs e News Paper

EMAIL : meshsibm@gmail.com | https://meskerala.com




ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് തയ്യാറാക്കിയ സ്കൂൾ മാനേജ്മെന്റ് സെക്രട്ടറി മുസ്തഫ കമാൽ പ്രകാശനം ചെയ്യുന്നു.



## പുസ്തകോത്സവം സംഘടിപ്പിച്ചു.

ഇരിമ്പിളിയം:വിദ്യാർത്ഥികൾക്ക് ഇഷ്ടമുള്ള പുസ്തകങ്ങൾ സ്വന്തമാക്കാനും വായനാശീലം പ്രോത്സാഹിപ്പിക്കാനും വേണ്ടി ഇരിമ്പിളിയം എം.ഇ.എസ് ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ പുസ്തക പ്രദർശനവും വിൽപ്പനയും സംഘടിപ്പിച്ചു.പുസ്തകമേള പി.ടി.എ പ്രസിഡന്റ് സുരേഷ് മലയത്ത് ഉദ്ഘാടനം ചെയ്തു.പ്രിൻസിപ്പിൾ നജ്മുദ്ധീൻ .കെ.കെ അധ്യക്ഷനായ ചടങ്ങിൽ ഹെഡ്മാസ്റ്റർ അഷ്റഫലി കെ മുഖ്യ പ്രഭാഷണം നടത്തി.എം.പി.ടി.എ പ്രസിഡൻ്റ് സമീഹ അലി ,ഡെപ്യൂട്ടി ഹെഡ് മിസ്ട്രസ് ഷമീമ പിടി,സ്റ്റാഫ് സെക്രട്ടറി അജിത്ത് ഇ, എസ്. ആർ ജി. കൺവീനർ റംസി ,മലയാളം അധ്യാപകരായ ഷിബ എം,മനുമാത്യൂ,അനിത.സി,ദേവി,നവാസ്,അനീഷ,സബീന എന്നിവർ ആശംസകൾ അറിയിച്ചു..വിദ്യാരംഗം കൺവീനർ അനൂപ് എൻ.എം ചടങ്ങിന് നന്ദി പറഞ്ഞു

## ജൂലൈ 4 ജാക്ക് ഫ്രൂട്ട് ഡേ

### ചക്ക പായസം വിതരണം ചെയ്തു.



ജൂലൈ 4 വേൾഡ് ജാക്ക് ഫ്രൂട്ട് ഡേയുമായി ബന്ധപ്പെട്ട് ഇരിമ്പിളിയം എം ഇ എസ് ഹയർ സെക്കൻഡറി സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റി വിദ്യാർത്ഥികൾക്കായി ചക്ക പായസം വിതരണം ചെയ്തു. പ്രാദേശികമായി സുലഭമായ ചക്കയുടെ പോഷണ മൂല്യങ്ങളെപ്പറ്റി വിദ്യാർത്ഥികൾക്ക് ബോധവൽക്കരണം നടത്തി. സ്കൂളിലെ കണക്ക് അധ്യാപകൻ സതീഷ് .ഇ. ചന്ദർ പായസത്തിന് ആവശ്യമായ ചക്കകൾ സ്കൂളിന് ലഭ്യമാക്കി. ഹെഡ്മാസ്റ്റർ അഷ്റഫലി കെ, ഉച്ചഭക്ഷണ സമിതി അംഗങ്ങളായ അക്ബർ റഫീക്ക് ,ഷമീർ,ദിൽഷാദ് പാചകതൊഴിലാളികളായ പത്മാവതി ,ദീപ ,ഫാത്തിമ തുടങ്ങിയവർ നേതൃത്വം നൽകി

## STELLARIS 25

### സഹവാസ ക്യാമ്പ് സംഘടിപ്പിച്ചു.



ഇരിമ്പിളിയം:എം.ഇ.എസ് ഹയർ സെക്കന്ററിസ്കൂളിൽ പത്താം ക്ലാസിലെ എ പ്ലസ് വിദ്യാർത്ഥികൾക്കായി STELLARIS -25 സഹവാസ ക്യാമ്പ് സംഘടിപ്പിച്ചു.ജൂലൈ 4 ന് വൈകുന്നേരം തുടങ്ങിയ ഏകദിന സഹവാസ ക്യാമ്പ് ജൂലൈ 5 ന് രാവിലെ അവസാനിച്ചു.143 വിദ്യാർത്ഥികൾ പങ്കെടുത്ത ക്യാമ്പ് സ്കൂൾ മാനേജ്മെന്റ് സെക്രട്ടറി ശ്രീ മുസ്തഫ കമാൽ ഉദ്ഘാടനം ചെയ്തു.പി.ടി.എ പ്രസിഡന്റ് ശ്രീ സുരേഷ് മലയത്ത് അധ്യക്ഷത വഹിച്ചു.കമ്മിറ്റി കൺവീനർവി.കെ സുഷമ സ്വാഗതം ആശംസിച്ച ചടങ്ങിൽ പ്രിൻസിപ്പൾ നജ്മുദ്ധീൻകെ.കെ,ഹെഡ്മാസ്റ്റർ അഷ്റഫലി കെ എന്നിവർ മുഖ്യപ്രഭാഷണം നടത്തി.സ്റ്റാഫ് സെക്രട്ടറി അജിത്ത്.ഇ,എസ്.ആർ.ജി കൺവീനർ റംസി എന്നിവർ ആശംസകൾ അറിയിച്ചു.ഡെപ്യൂട്ടി ഹെഡ്മിസ്ട്രസ് ഷമീമ.പി.ടി നന്ദി പറഞ്ഞു.തുടർന്ന് അധ്യാപകൻ അനീഷ് എസ് പുതിയ പാഠ്യ പദ്ധതി പരിഷ്കരണങ്ങളുടെ വിശദീകരണവും സമഗ്രപോർട്ടൽ പരിചയപ്പെടുത്തലും നടത്തി. മിഷൻ പോസിബിൾ -ചെയ്സ് യുവർ ഡ്രിംസ് എന്ന മോട്ടിവേഷൻ സെഷൻ മോട്ടിവേഷൻ ട്രെയിനർമാരായ ശ്രീ റിയാസ് കാപ്പിൽ ശ്രീ ജലീൽ ആമയൂർ എന്നിവർ നയിച്ചു.വിദ്യാർത്ഥികളിൽ ബുദ്ധിപരവും മാനസികവുമായ മാറ്റങ്ങളുണ്ടാക്കാൻ ക്യാമ്പിന് കഴിഞ്ഞു.സ്കൗട്ട് ക്യാപ്റ്റൻ അമീൻ പി.ജെ യുടെ നേതൃത്വത്തിൽ നടത്തിയ ക്യാമ്പ് ഫയറിൽ കുട്ടികൾ ഉത്സാഹത്തോടെ പങ്കെടുത്തു. രാവിലെ അധ്യാപകനായ കെ.സുരേഷ് നയിച്ച യോഗ ക്ലാസിന് ശേഷം ക്യാമ്പ് അവസാനിച്ചു.

## ജൂനിയർ റെഡ്ക്രോസ് പ്രവേശന പരീക്ഷ



ഇരിമ്പിളിയം എം.ഇ.എസ് ഹയർ സെക്കൻ്ററി സ്കൂളിൽ 2025-28 ബാച്ചിലേക്കുള്ള പ്രവേശനപരീക്ഷ ജൂലൈ 11 വെള്ളിയാഴ്ച സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു.പരീക്ഷക്ക് എട്ടാം ക്ലാസിൽ നിന്നും 194 വിദ്യാർത്ഥികൾ പങ്കെടുത്തു.എഴുത്തു പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് കഴിഞ്ഞ് പ്രയോഗിക പരീക്ഷ കൂടി പൂർത്തിയായാൽ പ്രവേശന നടപടികൾ അവസാനിക്കും.ജെ.ആർ.സി കൗൺസിലർമാരായ നവാസ് ആയൂർ,ഫാത്തിമ പി.ടി,അബ്ദുൽ സമീർ നബല എന്നിവർ നേതൃത്വം നൽകി.

## വായന ലഹരിയാക്കാൻ റീഡിംഗ് തീയേറ്റർ

ഇരിമ്പിളിയം എം.ഇ.എസ് ഹയർ സെക്കന്ററി സ്കൂളിലെ സ്കൂൾ ലൈബ്രറി കൗൺസിൽ ’63 ലൈബ്രറി 2000ത്തിൽ പരം പുസ്തകങ്ങൾ 2800 വായനക്കാർ’ എന്ന സന്ദേശവുമായി ജൂലൈ 11 ന് മെഗാലൈബ്രറി -റീഡിംഗ് തിയേറ്ററിന് തുടക്കം കുറിച്ചു.പരിപാടിയുടെ ഉദ്ഘാടനം നാടക പ്രവർത്തകനും സിനിമ നടനുമായ പാർത്ഥസാരഥി നിർവ്വഹിച്ചു.ഉദ്ഘാടനത്തോടനുബന്ധിച്ച് ക്ലസ്റ്റും റീഡിംഗ് തിയേറ്റർ ഉദ്ഘടന റീൽസ് മത്സരം സംഘടിപ്പിച്ചു.തുടർന്ന് നല്ല വായനാക്കുറിപ്പ്മത്സരം ,ക്വിസ് മത്സരം എന്നിവ നടത്തും.സ്കൂൾ ലൈബറി കൗൺസിൽ ചുമതലയുള്ള അധ്യാപകരായ മനുമാത്യൂ ,അനിത.സി,നസീബ .പി.കെ,അബ്ദുൽ ഷമീർ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.



## ജൂലൈ - 4 മേരി ക്യൂറിദിനം ദിനാചരണം നടത്തി

ഇരിമ്പിളിയം എം.ഇ.എസ് ഹയർ സെക്കന്ററി സ്കൂളിൽ സയൻസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ മേരിക്യൂറിദിനാചരണം നടത്തി.ദിനാചരണത്തോടനുബന്ധിച്ച് സ്കൂൾ സയൻസ് കോർണറിൽ മേരി ക്യൂറിയുടെ ഫോട്ടോയും ജീവചരിത്രവും പതിച്ചു..വിദ്യാർത്ഥികൾക്ക് മേരിക്യൂറിയെ അടുത്തറിയാൻ വേണ്ടി ക്ലാസ്തല കൊളാഷ് നിർമ്മാണ മത്സരം നടത്തി.എട്ടാ ക്ലാസിൽ നിന്ന് 8 I ഉം ഒമ്പതാം ക്ലാസിൽ നിന്ന് 9U ക്ലാസും ഒന്നാംസ്ഥാനം കരസ്ഥമാക്കി സയൻസ് അധ്യാപകരായ ഫഹ്മിദടി.കെ ,സുഷമ വി.കെ,നിഷ ടി,ശ്രീജ കെ.എം,നിഹാൽമൊയ്തീൻ ,തസ്നി കെ.പി എന്നിവർ നേതൃത്വം നൽകി.



സ്കൂൾ ലൈബ്രറിയിലേക്ക് വളാഞ്ചേരി എ.പി.ജെ അക്കാദമി ഡയറക്ടർ നാസർ ആലുക്കൽ മാതൃഭൂമി പത്രം കൈമാറി.

## മിഡ് ടേം പരീക്ഷകൾ നടത്തി

ഇരിമ്പിളിയം. എം.ഇ.എസ് ഹയർ സെക്കന്ററി സെക്കൻ്ററി സ്കൂളിൽ 8, 9,10 ക്ലാസുകൾക്ക് മിഡ് ടേം പരീക്ഷകൾ നടത്തി.പഠനത്തെ കൂടുതൽ നന്നാക്കാൻ പരീക്ഷകൾ സഹായിച്ചു എന്ന് കുട്ടികൾ അഭിപ്രായപെട്ടു

## ക്വിസ് മത്സരങ്ങൾ നടന്നു.

ഇരിമ്പിളിയം എം.ഇ.എസ് ഹയർ സെക്കന്ററി സ്കൂളിൽ വിവിധ ക്ലബുകളുടെ നേതൃത്വത്തിൽ ക്വിസുകൾ നടത്തി.വിദ്യാരംഗം കലാസാഹിത്യക്ലബിന്റെ നേതൃത്വത്തിൽ വാങ്മയം ,വായനാക്വിസും സാമൂഹ്യശാസ്ത്ര ക്ലബിന്റെ നേതൃത്വത്തിൽ കേരള ചരിത്രക്വിസും മാത്സ്ക്ലബിന്റെ നേതൃത്വത്തിൽ ഗണിത ക്വിസും,സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ചാന്ദ്രദിന ക്വിസും നടത്തി.വിദ്യാർത്ഥികൾ വളരെ ആവേശത്തോടെ ക്വിസ് മത്സരങ്ങളിൽ പങ്കെടുത്തെത്.ക്വിസുകളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടിയവർക്ക് സമ്മാനങ്ങൾ നൽകി.ഒന്നാംസ്ഥാനം കരസ്ഥമാക്കിയവർക്ക് സബ്ജില്ലാ ക്വിസ്മത്സരങ്ങളിൽ പങ്കെടുക്കാൻ അവസരം ലഭിക്കുന്നതായിരിക്കും.

# അഭിമാനതാരങ്ങൾ













# സ്കൂൾ പാർലമെന്റ് ഇലക്ഷൻ-ക്ലാസ് തല പ്രതിനിധികൾ










# ജൂലൈ മാസത്തെ വിജയികൾ......






















